# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 02/05/14

( 02 RAJAB 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

എല്ലാ മതങ്ങളും ഒരേ ദൈവത്തിന്റെ ദൂതന്മാരാൽ സ്ഥാപിതമായതാണെങ്കിൽ എന്തുകൊണ്ടാണ് അവയുടെ അദ്ധ്യാപനങ്ങൾ വ്യത്യാസമാകുന്നത് ? ഒരേ ദൈവം തന്നെ വ്യത്യസ്ത അദ്ധ്യാപനങ്ങൾ ഇറക്കിയെന്നാണോ മനസ്സിലാക്കേണ്ടത് ?

ഈ ചോദ്യത്തിനുള്ള മറുപടി നല്കുന്നത് ഇസ്ലാം മതം മാത്രമാണ്. അതുതന്നെയും ഈ മതത്തിന്റെ ഒരു പ്രത്യേകതയാണ്. വിവിധ മതങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾക്ക് രണ്ട് അടിസ്ഥാന കാരണങ്ങളുണ്ടെന്ന് ഇസ്ലാം സിദ്ധാന്തിക്കുന്നു. ഒന്നാമതായി, സാഹചര്യങ്ങളിലെ വൈവിധ്യം കല്പനകളിലും നിയമങ്ങളിലും വ്യത്യാസങ്ങൾ വരുന്നതിനെ ന്യായീകരിക്കുന്നു. സർവ്വജ്ഞനും വിവേകശാലിയും ആയ ദൈവം തമ്പുരാൻ വിവിധ കാലങ്ങളിൽ, ദേശങ്ങളിൽ, ജനതകളിൽ അവരുടെ സാഹചര്യങ്ങൾക്കനുസൃതമായി അദ്ധ്യാപനങ്ങൾ ഇറക്കുകയുണ്ടായി.

രണ്ടാമതായി, വിവിധമതങ്ങളുടെ അദ്ധ്യാപനങ്ങൾ കാലാന്തരത്തിൽ മറഞ്ഞുപോയി, അവശേഷിച്ചവ, തിരിച്ചറിയാനാകാത്തവിധം രൂപാന്തരം പ്രാപിച്ചു. ചില മതങ്ങളിൽ, അതിന്റെ അനുചരവൃന്ദം തന്നെ വെട്ടിത്തിരുത്തലുകൾ വരുത്തി. പുതിയ ആചാരങ്ങൾകൂട്ടി ചേർത്തു. മത ഗ്രന്ഥങ്ങളിൽ വ്യാഖ്യാനപരമായ ഇടപെടലുകൾ ഉണ്ടായി. മൂല ഗ്രന്ഥത്തിന്റെ സത്തതന്നെ മാറ്റി മറയ്ക്കപ്പെട്ടു. ഊഹിക്കാവുന്നതുപോലെ, ദൈവീകാദ്ധ്യാപനത്തിലെ ഇത്തരം വെള്ളം ചേർക്കലുകൾ പുതിയ അദ്ധ്യാപനത്തിന്റെ ആഗമനം അനിവാര്യമാക്കി, ദൈവം തമ്പുരാൻ, വിശുദ്ധഖുർ ആനിൽ വ്യക്തമാക്കിയതുപോലെ, ''അവർ വാക്കുകളെ അവയുടെ മൂല സ്രോതസ്സിൽ നിന്ന് അടർത്തി മാറ്റുന്നു. അവരോട് ഉപദേശിക്കപ്പെട്ടതിനെ അവർ ഉപേക്ഷിച്ചു കളയുന്നു.''

വിശുദ്ധ ഖുർ ആൻ പ്രസ്താവിച്ച തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രശ്നത്തെ അപഗ്രഥിച്ച് നോക്കുക. വിവിധ മതങ്ങൾ തമ്മിലുള്ള ഭിന്നതകൾ, ആഴത്തിൽ പരിശോധിക്കുമ്പോൾ മനസ്സിലാകും, അതിന്റെ മൂല സ്രോതസ്സിലെക്കു ചെല്ലുന്തോറും കുറഞ്ഞുവരുന്നു. ഉദാഹരണമായി, ക്രിസ്തുമതവും ഇസ്ലാമും ക്രിസ്തുവിന്റെ ജീവിതത്തേയും ബൈബിളിലെ നാലു പുസ്തകങ്ങളേയും മാത്രമായി പരിശോധിച്ചാൽ ബൈബിളിന്റേയും ഖുർ ആന്റെയും അടിസ്ഥാന അദ്ധ്യാപനങ്ങളിൽ വലിയ വ്യത്യാസങ്ങൾ ഇല്ല എന്നുതന്നെ പറയാം.

എന്നാൽ, കാലത്തിന്റെ ഗതിവിഗതികളിലൂടെ നാം ഈ റോഡിൽ സഞ്ചരിക്കുമ്പോൾ, ഈ വ്യത്യാസത്തിന്റെ വഴികൾ കൂടികൂടി വരുന്നതായും ഒരിയ്ക്കലും തിരിച്ചു സംയോജിപ്പിക്കാനാകാത്തവിധം മാറിപ്പോകുന്നതായും കാണാം. യഥാർത്ഥത്തിൽ ഇറക്കപ്പെട്ട ദൈവീകാദ്ധ്യാപനങ്ങൾക്കുമേൽ മനുഷ്യന്റെ കൈകടത്തലുകൾ മൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്.

മറ്റു മതങ്ങളുടെ ചരിത്രവും ഇതുതന്നെയാണ് സൂചിപ്പിക്കുന്നത്. ഖുർ ആനിക വീക്ഷണത്തിനു അനുപൂരകമായ വസ്തുതകൾ ആഴത്തിലുള്ള പരിശോധനകൻ പുറത്തുകൊണ്ടുവരും. ഏകനായ ദൈവം തമ്പുരാന്റെ ആരാധനയിൽ നിന്നും ബഹുദൈവാരാധനയിലേക്ക്, ലളിത സത്യത്തിന്റെ പാതവിട്ട് മിത്തു കളുടെ മായിക ലോകത്തേയ്ക്ക്, മനുഷ്യരായി ജനിച്ച ദൈവദൂതന്മാരുടെ മാനവികത കവർന്നെടുത്തുകൊണ്ട് അവരിൽ ദൈവീകത ആരോപിക്കൽ, വിശ്വാസത്തിന്റെ വിഗ്രഹം വയ്ക്കണം- മനുഷ്യന്റെ കൈകടത്തലുകളുടെ അനന്തര ഫലങ്ങളാണ് മതത്തിന്റെ ഈ പരിണാമം. വിശുദ്ധ ഖുർആൻ നമ്മോട് പറയുന്നത് നോക്കുക. ഒരു യഥാർത്ഥ മതത്തെ തിരിച്ചറിയാനുള്ള മാർഗ്ഗം അതിന്റെ മൂല പ്രമാണങ്ങളെ പരിശോധിക്കുകയെന്നതാണ്; കാലം ആ മതത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തായിരുന്നാലും, ദൈവാസ്തിക്യവും ഏകത്വവും പ്രഘോഷിക്കുന്ന ഒരു ആശയലോകം വെളിപ്പെടുന്നുവെങ്കിൽ, മനുഷ്യകുലത്തോടുള്ള ആത്മാർത്ഥമായ അനുകമ്പയും സ്നേഹവും അത് പ്രഘോഷിക്കുന്നുവെങ്കിൽ അത്തരം മതങ്ങളുടെ വേരുകൾ സത്യത്തിന്റെ മണ്ണിലേക്ക് ആഴ്ത്തിയവ തന്നെയെന്ന് ഉറപ്പിക്കാം. എന്തൊക്കെ മാറ്റിത്തിരുത്തലുകൾ പിന്നീട് കൂടി ചേർക്കലുകൾക്കു വഴി തെളിച്ചിട്ടുണ്ടെങ്കിലും ആ മതത്തിന്റെ സത്യപൂർണ്ണമായ ആരംഭത്തെ സംശയിക്കേണ്ടതില്ല.

ഈ തത്വത്തെ മുൻനിർത്തി പരിശോധിക്കുമ്പോൾ, യഥാർത്ഥ മതങ്ങളുടെ സ്ഥാപകരെല്ലാം ദൈവഭക്തരും സ്വാതികരും ദൈവദൂതരും ആയിരുന്നുവെന്ന് മനസ്സിലാക്കാം. അവർക്കിടയിൽ നമ്മൾ വ്യത്യാസങ്ങൾ ഒന്നും കല്പിക്കുന്നില്ല. അവരുടെയെല്ലാം സത്യപൂർണ്ണമായ ജീവിതത്തിൽ നാം പൂർണ്ണമായി വിശ്വസിക്കുകയും

വേണ്ടതാണ്. കാലദേശങ്ങൾക്കതീതമായി, ചില അടിസ്ഥാനതത്ത്വങ്ങളിൽ സമന്വയം കാണാവുന്നതാണ്. വിശുദ്ധ ഖുർ ആൻ പറയുന്നു.

**''അല്ലാഹുവിനോട് പൂർണ്ണമായ അനുസരണം പുലർത്തിക്കൊണ്ട്, പ്രാർത്ഥന നിർവ്വഹിച്ചും സക്കാത്ത നല്കിയും സത്യപാതയിൽ ഉറച്ചുനില്ക്കുവാനല്ലാതെ അവരോട് കല്പിക്കപ്പെട്ടിട്ടില്ല.''**

സത്യപാതയിലുള്ള ജനതയുടെ മതം അതുതന്നെയാണ്. ഇസ്ലാം സാർവ്വലൗകീകത അവകാശപ്പെടുക മാത്രമല്ല ചെയ്യുന്നത്. എല്ലാ കാലത്തേയ്ക്കും ഉള്ള മതമാണെന്ന് അത് അവകാശപ്പെടുന്നു. അത്തരം വാദത്തിൽ അടങ്ങിയിരിക്കേണ്ട ഗുണഗണങ്ങളെല്ലാം അതു നിറവേറ്റിയിരിക്കുന്നു. ശാശ്വതമായൊരു സന്ദേശം. പരിപൂർണ്ണതയും വ്യക്തതയും എല്ലാ തലത്തിലും ആർജ്ജിച്ചതും അതിന്റെ ഉള്ളടക്കത്തിന്റെ സത്യതയെക്കുറിച്ച് ഉറപ്പു നല്കുന്നതും ആയിരിക്കും. അതായത്, വെളിപാട് പുസ്തകങ്ങൾ, മാനുഷിക കൈകടത്തലുകൾക്കും മാറ്റത്തിരുത്തലുകൾക്കും എതിരിൽ ദൈവീക സംരക്ഷണം ഉള്ളവയായിരിക്കും. നേരത്തെ പറഞ്ഞതുപോലെ, പൂർണ്ണതയും ശ്രേഷ്ഠതയും ദിവ്യാധ്യാപനങ്ങൾക്കുള്ളതുപോലെ പ്രധാനമാണ്, ആ അധ്യാപനങ്ങളുടെ ശാശ്വതമായ നിലനില്പിന് ദൈവീക സംരക്ഷണത്തെ സംബന്ധിച്ച ഉറപ്പ്. വിശുദ്ധ ഖുർ ആൻ ഈ അടിസ്ഥാനതത്വം പൂർണ്ണമായും പാലിക്കുന്നുണ്ട്. ഖുർ ആൻ വളരെ അസനിഗ്ദ്ധമായി പ്രഖ്യാപിക്കുന്നത് കാണുക:

**''നാം ആണ് ഈ പുസ്തകം ഇറക്കിയിട്ടുള്ളത്. നാം തന്നെ അതു സംരക്ഷിക്കുന്നതുമാണ്.''**

അതായത്, ദൈവംതമ്പുരാൻ തന്നെ ഈ ഖുർ ആന്റെ സംരക്ഷണം ഏറ്റെടുത്തിരിയ്ക്കുന്നു. ഈ ഗ്രന്ഥത്തെ മാറ്റിമറിയ്ക്കാൻ ആർക്കും കഴിയുകയില്ലതന്നെ. ദൈവഹിത പ്രകാരം, ഓരോ നൂറ്റാണ്ടിലും ആയിരക്കണക്കിന് വ്യക്തികൾ ഖുർ ആൻ പൂർണ്ണമായും മനഃപാഠമാക്കുകയുണ്ടായി. വിശുദ്ധ ഖുർ ആൻ ഹൃദിസ്തമാക്കുന്ന പതിവ് ഈ കാലത്തും ജനങ്ങളിലുണ്ട്. ദിവ്യ സന്ദേശത്തിന്റെ അന്തസത്തയും യഥാർത്ഥമൂല്യങ്ങളും വിശദീകരിയ്ക്കാനും, മതാനുസരണത്തെ നവീകരിയ്ക്കാനും വേണ്ടി ദൈവ നിയോഗിതരായ മാർഗ്ഗദർശികളും പുനരുദ്ധാരകരും ഓരോ നൂറ്റാണ്ടിലും എഴുന്നേല്പിക്കപ്പെട്ടു. ഒരു മഹാനായ പരിഷ്കർത്താവിനേയും പുനരുദ്ധാരകനേയും സംബന്ധിച്ച്, പില്ക്കാലത്ത് അവതരിക്കുമെന്ന് പ്രവചനം ചെയ്യപ്പെട്ടിരിയ്ക്കുന്നു. അങ്ങനെ, ഈ കാലഘട്ടത്തിലേക്ക് ഞാൻ അയക്കപ്പെട്ടിരിക്കുന്നു. അല്ലാഹു (ത), എന്നെ ഈ കാലത്തേക്ക് മുഹ്യിദ്ദീനും ഖലീഫത്തുല്ലായും ആയി അയച്ചിരിക്കുന്നു.

ആത്മീയ നേതാവായി എന്നെ നിയോഗിച്ചയച്ചിരിക്കുന്നത് ദൈവംതമ്പുരാൻ താൻ തന്നെയാണ്. ദൈവീക മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, ഇസ്ലാം മതാനുയായികളുടെ ഇടയിലുള്ള വിവാദങ്ങൾക്കും അഭിപ്രായ ഭിന്നതകൾക്കും പരിഹാരം തേടാൻ ശ്രമിക്കും. അതുവഴി, പരിശുദ്ധ ഖുർ ആന്റെ യഥാർത്ഥ സത്ത സംരക്ഷിക്കപ്പെടും.

മാലദ്വീപിലേക്കുള്ള എന്റെ സന്ദർശനം തീർച്ചയായും ചരിത്ര പ്രാധാന്യമുള്ളതാണ്, വൃത്തിയ്ക്കും പർദയ്ക്കും പ്രധാന്യം നല്കണം. വൃത്തി, വിശ്വാസത്തിന്റെ പകുതിയാണ്. ഒരു മുസ്ലീം രാജ്യം ആയിരുന്നിട്ടും, മാലദ്വീപ് വൃത്തിയുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ലായെന്നത് എന്നെ അത്ഭുതപ്പെടുത്തുന്നു. എല്ലായിടത്തും ചവറുകൾ വിതറിക്കിടക്കുന്നു. അതുകൂടാതെ, പർദ ആചരിക്കുന്ന ഒരുപാട് സ്ത്രീകൾ ഇവിടെയുണ്ട്. നന്നായി, മറച്ച് വസ്ത്രം ധരിക്കുന്നവർ. എന്നാൽ, അങ്ങനെ ചെയ്യാത്തവരും ഒരുപാടുണ്ട്. നമസ്കാരത്തിന് നില്ക്കുമ്പോൾ, പുരുഷന്മാരും അവരുടെ തലമറയ്ക്കേണ്ടതാണ്. ആത്മീയ പരിപാടികളിലും, പ്രത്യേകിച്ച് ജുംആയ്ക്ക് പങ്കെടുക്കുമ്പോഴും അങ്ങനെ ചെയ്യേണ്ടതാണ്.

മാലദ്വീപിലെ എന്റെ സഹോദരീ സഹോദരന്മാരെ ഞാൻ നിങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. ദൈവീക സന്ദേശത്തെക്കുറിച്ച് നിങ്ങളുടെ അനുകൂല പ്രതികരണങ്ങൾ, ആത്മീയാനുഭൂതിയിൽ നിങ്ങളുടെ കണ്ണുകൾ നിറഞ്ഞിരിയ്ക്കുന്നു, എന്നോട് വിനയത്തോടെയും, കാരുണ്യത്തോടെയും സ്നേഹത്തോടെയും നിങ്ങൾ പെരുമാറി. ഞാൻ നിങ്ങൾക്ക് നല്കിയ അമൂല്യമായ ഉപദേശങ്ങളെപ്പറ്റി ചിന്തിച്ച് വിലയിരുത്താൻ അല്ലാഹു (ത) നിങ്ങളെ സഹായിക്കട്ടെ. എന്റെ സന്ദേശത്തിന്റെ ഉള്ളടക്കം ഗ്രഹിയ്ക്കാൻ അല്ലാഹു (ത) നിങ്ങളുടെ ബുദ്ധിയേയും ചിന്തകളേയും ഉണർത്തട്ടെ. ആമീൻ.


**Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

**Translated by**
**Fazil Jamal**